"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/401/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21/04/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മനുഷ്യാവകാശ കമ്മീഷന്റെ സി ആർ എം പി നം. 63/05/LA1/2021/KeSCPCR, 5911/05/LA1/2021/KeSCPCR ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് - ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018
2. 16.08.2018-ലെ ഡിഎ1/569/2018/തസ്വഭവ സർക്കുലർ
3. 25.01.2019-ലെ ഡിഎ1/19/2019/തസ്വഭവ സർക്കുലർ
4. 29.06.2020-ലെ ഡിഎ1/192/2019/തസ്വഭവ സർക്കുലർ
5. 24.12.2020-ലെ ഡിഎ1/322/2020/തസ്വഭവ സർക്കുലർ
6. കേരള മനുഷ്യാവകാശ കമ്മീഷന്റെ 11.12.2019, 19.3.2021 തീയതികളിലെ ലെ സി ആർ എം പി നം. 63/05/LA1/2021/KeSCPCR, 5911/05/LA1/2021/KeSCPCR ഉത്തരവ്

**********************

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി പ്രതിവർഷം 28500/- രൂപ വരെ അനുവദിക്കാമെന്ന് സൂചന (1) മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സ്കോളർഷിപ്പ് മുടക്കം കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഏകോപനത്തോടെ നടപ്പാക്കേണ്ടതാണെന്ന് സൂചന (2) പ്രകാരവും ഇതിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് മതിയാകാതെ വരുന്നത് ഒഴിവാക്കാൻ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ ഫണ്ട് മാറ്റിവെയ്ക്കണമെന്ന് സൂചന (3) പ്രകാരവും അധിക നിർദ്ദേശങ്ങൾ നൽകി സൂചന (5) പ്രകാരവും നിഷ്കർഷിച്ചിരുന്നു.

ഈ വിഷയത്തിൽ മുൻ ഖണ്ഡിക പ്രകാരം സർക്കാർ പല നിർദേശങ്ങളും നൽകിയിട്ടുണ്ടെങ്കിലും സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ.) യിൽ പരാമർശിക്കുന്ന രീതിയിൽ ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിനാവശ്യമായ തുക ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ വകയിരുത്തു ന്നില്ല എന്ന് കേരള മനുഷ്യാവകാശ കമ്മീഷന്റെ സൂചിത ഉത്തരവ് പ്രകാരം ബോധ്യപ്പെട്ട സാഹചര്യത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഭിന്ന ശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പോലുള്ള വ്യക്തിഗത അനുകൂല്യങ്ങൾ നൽകുന്ന സംയോജിത പ്രൊജെക്റ്റുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട് എന്ന് ജില്ലാ

ആസൂത്രണ സമിതികൾ ഉറപ്പ് വരുത്തുന്നതിനോടൊപ്പം അവരുടെ വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് (പദ്ധതി നിർവഹണ ചുമതലയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക്) യഥാസമയം കൈമാറുന്നുണ്ടോ എന്നതും അതത് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണ് എന്നും നിർദ്ദേശം നല്കുന്നു.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.04.26 11:07:21 IST
Reason: Approved
സെക്ഷൻ ഓഫീസർ.